പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1339

13.07.2016 ൽ
മറുപടിക്ക്

# കായംകുളം ട്രാഫിക്ക് യൂണിറ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി യു. പ്രതിഭാ ഹരി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | കായംകുളം ട്രാഫിക്ക് യൂണിറ്റിൽ ലാന്റ് ലൈൻ ടെലിഫോൺ, കമ്പ്യൂട്ടർ, ഇ-മെയിൽ സംവിധാനങ്ങൾ എന്നിവ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത ട്രാഫിക്ക് യൂണിറ്റിൽ നിലവിൽ ഉപയോഗിച്ചു വരുന്ന വാഹനം പഴകിയതായതിനാൽ ട്രാഫിക് അപകടങ്ങളും മറ്റും ഉണ്ടാകുന്ന സമയങ്ങളിൽ വളരെ വേഗത്തിൽ സംഭവ സ്ഥലത്ത് എത്തുന്നതിന് അപര്യാപ്തമാണെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അനുയോജ്യമായ ഒരു പുതിയ വാഹനം ട്രാഫിക് യൂണിറ്റിനനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ ഒരു വാഹനം ട്രാഫിക് യൂണിറ്റിന് അനുവദിക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | കായംകുളം ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷൻ ആക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | സി) | കായംകുളം ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ